"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയിൽ ബിൽഡിംഗ് പെർമിറ്റ് / ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് മുതലായവയ്ക്ക് അപേക്ഷിക്കുന്നവരിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുന്നു എന്ന പരാതി - വിജിലൻസ് മിന്നൽ പരിശോധന - അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1226/2022/LSGD തീയതി,തിരുവനന്തപുരം, 16-05-2022

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05/03/2020 തീയതിയിലെ ഇ10 (എസ്.സി.18/19/ഇ.കെ.എം) 22367/18 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയിൽ ബിൽഡിംഗ് പെർമിറ്റ്/ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് മുതലായവയ്ക്ക് അപേക്ഷിക്കുന്നവരിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുന്നു എന്നും മറ്റുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കോതമംഗലം നഗരസഭാ മുൻ സെക്രട്ടറി ശ്രീ.സാംജി ഡേവിഡിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു.

ശ്രീ.സാംജി ഡേവിഡ് 31.01.2019 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ KSR part III Rue 3(b) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ സാംജി ഡേവിഡിന്റെ പ്രതിമാസ പെൻഷനിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത തുക കുറവു വരുത്താൻ താൽക്കാലിക തീരുമാനം എടുത്തിട്ടുള്ളതാണ്.

ശ്രീ.സാംജി ഡേവിഡ് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ KSR part III Rue 3(b) പ്രകാരം അച്ചടക്ക നടപടിയിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി എറണാകുളം മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം .
ശ്രീ .സാംജി ഡേവിഡ്, മുൻ സെക്രട്ടറി, കോതമംഗലം മുനിസിപ്പാലിറ്റി
( നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ